**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗോശ്രീ പാലത്തിന്റെ നിർമ്മാണത്തിനായി മുളവുകാട് ഗ്രാമപഞ്ചായത്തിൽ എത്രപേർ സ്ഥലം വിട്ട് നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര പേരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും എത്ര പേരെ പുനരധിവസിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഗോശ്രീ പാലത്തിന്റെ നിർമ്മാണത്തിനായി മുളവുകാട് ഗ്രാമപഞ്ചായത്തിൽ 30 പേർ സ്ഥലം വിട്ട് നൽകിയിട്ടുണ്ട്. ഇതിൽ 16 പേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. 13 പേർ പുനരധിവാസം സാദ്ധ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷിച്ചിട്ടുണ്ട്. |
| (ബി) | പുനരധിവാസവുമായി ബന്ധപ്പെട്ട് കോടതി വിധി നിലവിലുണ്ടോ; പ്രസ്തുത വിധി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | ഉണ്ട്. പുനരധിവാസത്തിന് അപേക്ഷിച്ചവരിൽപ്പെട്ട ശ്രീമതി. പാപ്പി കുമാരൻ, നൽകിയ സി.ഒ.സി നം. 2504/ 2019-ലെ ഉത്തരവ് പ്രകാരം ടിയാൾക്ക് ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിൽപ്പെട്ട 3 സെന്റ് സ്ഥലം വിട്ടു നൽകുന്നതിന് അനുമതി നൽകുന്നതിനായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) | സ്ഥലം വിട്ടുനൽകിയ കുടുംബങ്ങൾക്ക് പുനരധിവാസത്തിനായി ഭൂമി നൽകാമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ ഫയലുകൾ ഏതെല്ലാമെന്നും പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ? | (ഡി) | ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ ആർ.ഇ.2/215/2024-ത.സ്വ.ഭ.വ എന്ന ഫയൽ നിലവിലുണ്ട്.<br><br>നിലവിൽ ഈ ഫയൽ ശ്രീമതി. പാപ്പി കുമാരൻ, പണ്ടാരപ്പറമ്പിൽ വീട്, കോണം റോഡ്, പള്ളുരുത്തി പി.ഒ. എന്നയാൾക്ക് 3 സെന്റ് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ടി വകുപ്പിന് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ